പി.എച്ച്.സി.-കളിലെ ലാബ് സൗകര്യങ്ങൾ

2(699) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.-കളിലും ലാബ് സൗകര്യങ്ങൾ ലഭ്യമാക്കാൻ പദ്ധതിയുണ്ടായിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതു പി.എച്ച്.സി.-കളിൽ നിലവിൽ ലാബ് സൗകര്യം ഉണ്ടെന്നും, എത്രയെണ്ണം ഇനിയും ആവശ്യമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

പെരുമൺ പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം

3(700) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പനയം പഞ്ചായത്തിലെ പെരുമൺ പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഹെൽത്ത് സെന്ററിൽ നിലവിലുള്ള ഡോക്ടർമാരും, ഇതര സ്റ്റാഫും എത്രയെന്നറിയിക്കാമോ; അനാവശ്യനീയമായ തസ്തികകൾ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിലെ ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ആശുപത്രിയിലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആരോഗ്യ വകുപ്പ് എന്തൊക്കെ നടപടി സ്വീകരിക്കുമെന്നറിയിക്കാമോ?

ഉത്തരം

(എ) കൊല്ലം പനയം പഞ്ചായത്തിലെ പെരുമൺ പ്രൈമറി ഹെൽത്ത് സെന്ററിൽ രണ്ട് ഡോക്ടർമാരും അതിനോടനുബന്ധിച്ച ചികിത്സാ സംവിധാനവുമാണ് നിലവിലുള്ളത്. രോഗങ്ങളുടെ പ്രാഥമിക പരിശോധനയും ഔട്ട് പേഷ്യന്റ് ചികിത്സയും ഇവിടെ നടത്തപ്പെടുന്നു. കൂടാതെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനാവശ്യമായ കുടുംബക്ഷേമ പ്രവർത്തനങ്ങൾ, മാതൃശിശു സംരക്ഷണ മാർഗ്ഗങ്ങൾ, പകർച്ചവ്യാധിരോഗ നിയന്ത്രണങ്ങൾ, ജീവിതശൈലീ രോഗനിയന്ത്രണ

LIBRARY ARCHIVES Kerala Legislative Assembly